പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2818 **28-10-2026-ൽ മറുപടിയ്ക്ക്**

വിഷരഹിത മത്സ്യങ്ങളുടെ ലഭ്യത ഉറപ്പാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മനോജ് മൂത്തേടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ഗ്രാമീണ മേഖലകളിൽ മത്സ്യകൃഷിക്കായി ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് വിഷരഹിത മത്സ്യലഭ്യത ഉറപ്പാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നടപടി സ്വീകരിക്കുമോ?

മറുപടി: സംസ്ഥാനത്ത് മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമീണ മേഖലകളിൽ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി ഫിഷറീസ് വകുപ്പ് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണ് മുഖ്യമന്ത്രി മത്സ്യ സമൃദ്ധി പദ്ധതി. അനുയോജ്യമായ ജലാശയങ്ങൾ പ്രയോജനപ്പെടുത്തി മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യകർഷകർക്ക് ആവശ്യമായ സാങ്കേതിക മാർഗ നിർദ്ദേശങ്ങളും പദ്ധതിയാനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയാണ് മത്സ്യകൃഷിയ്ക്ക് അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതും ആവശ്യമായ മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത ഉറപ്പാക്കി ഗുണമേൻമയുള്ള മത്സ്യകുഞ്ഞുങ്ങളുടെ വിതരണം സാധ്യമാക്കുകയും ചെയ്യുന്നത്.

ഇത്തരം പ്രവർത്തനങ്ങളിലൂടെ ആഭ്യന്തര മത്സ്യോൽപാദനം വർദ്ധിപ്പിക്കുക, വിഷരഹിത മത്സ്യലഭ്യത ഉറപ്പാക്കുക, ഗ്രാമീണ മേഖലയിലെ മത്സ്യകർഷകരുടെ വരുമാനം ഉയർത്തുക, സ്വയം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്നിവ ലക്ഷ്യമിടുന്നു.

സെക്ഷൻ ഓഫീസർ